**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** **23-02-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഇതിനായി എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം-2003 ലെ 42,65,86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിലുള്ള വൈദ്യുതി ചാർജ്ജ് പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി.ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10.02.2022-ൽ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷൻ കമ്മീഷന്റെ പരിഗണനയിലാണ്. വൈദ്യുതി നിയമവും, താരിഫ് ചട്ടങ്ങളും നിഷ്കർഷിക്കുന്ന എല്ലാ നടപടിക്രമങ്ങളും (പൊതു തെളിവെടുപ്പ് ഉൾപ്പെടെ) പാലിച്ചു കൊണ്ടു മാത്രമേ വർദ്ധനവിന്റെ കാര്യത്തിൽ റെഗുലേറ്ററി കമ്മീഷൻ അന്തിമ തീരുമാനമെടുക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ